(സി) അനുവദിച്ച തുക അതാതു സാമ്പത്തികവർഷം അവസാനിക്കുന്നതിനുമുമ്പ് വിനിയോഗിക്കണമെന്നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി നിയമത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ

12(1288) ശ്രീ. മത്തായി ചാക്കോ:

ശ്രീ. എം. വി. ജയരാജൻ:

ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കൊണ്ടുവന്ന ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി നിയമത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ?

(ബി) ഇതിനായി കൊണ്ടുവന്ന നിയമം നടപ്പിലാക്കിയതിനു ശേഷം സംസ്ഥാന സമ്പദ്ഘടനയുടെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) 2003-ലെ കേരള ധന സംബന്ധമായ ഉത്തരവാദിത്ത ആക്ടും കേരള ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധി ആക്ടും നിലവിൽ വന്നിട്ടും സംസ്ഥാന സർക്കാരിന് കടം വർദ്ധിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) റവന്യൂ കമ്മി ക്രമാനുഗതമായി ഇല്ലാതാക്കിക്കൊണ്ടും സാമ്പത്തിക സുസ്ഥിരതയ്ക്ക് അനുരൂപമായ വിധം കടത്തിന്റെ സ്ഥായിയായ മാനേജുമെന്റിലൂടെയും സർക്കാരിന്റെ ധനസംബന്ധമായ ഇടപാടുകളിലെ വർദ്ധിച്ച സുതാര്യതയിലൂടെയും ഒരു മിതകാല പദ്ധതിയിലൂടെ സാമ്പത്തിക നയം നടപ്പാക്കിക്കൊണ്ടും ദീർഘ വീക്ഷണത്തോടുകൂടിയ ധന മാനേജുമെന്റും സാമ്പത്തിക സുസ്ഥിരതയും ഉറപ്പു വരുത്തുന്നതിനുള്ള സർക്കാരിന്റെ ഉത്തരവാദിത്വവും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതാണ് ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി നിയമം.

(ബി) 2004-2005-ലെ അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകളുടെ അടിസ്ഥാനത്തിൽ റവന്യൂ കമ്മി 2003-2004-ൽ ജി.എസ്സ്.ഡി.പി.-യുടെ 4.08% ആയിരുന്നത് 2004-2005-ൽ 3.66% ആയി കുറഞ്ഞു. റവന്യൂ കമ്മി 2003-2004-ൽ റവന്യൂ വരുമാനത്തിന്റെ 31.15%-വും റവന്യൂ ചെലവിന്റെ 23.15% ആയിരുന്നത് 2004-2005-ൽ യഥാക്രമം 27.24%വും 21.41%വും ആയി കുറഞ്ഞു. 2003-2004-ൽ കടം 6392 കോടി യോളം രൂപ വർദ്ധിച്ചു. എന്നാൽ 2004-2005-ൽ വർദ്ധനവ് 4403 കോടി രൂപയുടേതായിരുന്നു. സംസ്ഥാനത്തിന്റെ ധനകമ്മി 2003-2004-ൽ ജി.എസ്സ്.ഡി.പി.-യുടെ 6.14% ആയിരുന്നത് 2004-2005-ൽ 4.45% ആയി കുറഞ്ഞു. 2003-2004-ൽ പലിശ ബാദ്ധ്യത

LIBRARY ARCHIVES Kerala Legislative Assembly

മുൻവർഷത്തേക്കാൾ 12.95% വർദ്ധിച്ചത് 2004-2005-ൽ 8.71% ആയി കുറഞ്ഞു. പലിശ ബാദ്ധ്യത 2003-2004-ൽ റവന്യൂ വരുമാനത്തിന്റെ 28.17%വും റവന്യൂ ചെലവിന്റെ 21.48% ആയിരുന്നത് 2004-2005-ൽ യഥാക്രമം 26.82%-ഉം 21.08%-ഉം ആയി കുറഞ്ഞു.

(സി) ഉണ്ട്. എന്നാൽ കടത്തിന്റെ വാർഷിക വളർച്ച 2004-2005-ൽ 11.82% ആയി പരിമിതപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

(ഡി) പദ്ധതി ചെലവിലുണ്ടായ വർദ്ധനവും കൂടിയ പലിശയ്ക്കുള്ള മുൻ കടങ്ങൾ വീട്ടാൻവേണ്ടി നടത്തിയ കടമെടുപ്പുകളുമാണ് കടം വർദ്ധിക്കാൻ ഇടയാക്കിയത്.

## ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് യൂണിറ്റുകളെ വിൽപ്പന നികുതിയിൽനിന്നും ഒഴിവാക്കിയ നടപടി

13(1289) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിന് കീഴിലുള്ള യൂണിറ്റുകളിൽ ടേൺ ഓവർ എത്ര ലക്ഷം വരെയുള്ള സ്ഥാപനങ്ങളെയാണ് സെയിൽസ് ടാക്സിൽ നിന്ന് ഒഴിവാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഒഴിവാക്കിയതിനെ സംബന്ധിച്ചുള്ള ഉത്തരവും വിശദീകരണവും ലഭ്യമാക്കുമോ;

(സി) കണ്ണൂർ ജില്ലയിലെ പാട്യം സ്വദേശി കെ. സി. രഘു സ്ഥലം എം.എൽ.എ. മുഖാന്തിരം 18-1-2006-ന് നൽകിയ കത്തിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ - ബി) 1-4-2005 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയ മൂല്യവർദ്ധിത നികുതിനിയമത്തിലെ ഒന്നാം ഷെഡ്യൂളിൽ 55-ാം എൻട്രിയായി കൊടുത്തിട്ടുള്ള 21 ഇനങ്ങളെ ടേണോവർ പരിധി നോക്കാതെ നികുതിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. ടി. യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന 21 ഇനങ്ങളിൽപ്പെടാത്ത ഉൽപ്പന്നങ്ങളാണെങ്കിൽ മൂല്യവർദ്ധിത നികുതി നിയമത്തിലെ പട്ടിക നിരക്ക് അനുസരിച്ചുള്ള നികുതിയടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. 2005-ലെ മൂല്യവർദ്ധിത നിയമത്തിന്റെ പകർപ്പ് ഇതോടൊപ്പം അടക്കം ചെയ്യുന്നു.†

(സി) ടി കത്തിലെ ആവശ്യം വാണിജ്യ നികുതി കമ്മീഷണറുടെ പരിശോധനയിലാണ്.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

GPM. 2/498/2014—10



LIBRARY ARCHIVES Kerala Legislative Assembly